LIBRARY ARCHIVES Kerala Legislative Assembly

മുതലമട പഞ്ചായത്തിലെ ചപ്പക്കാട് പട്ടികവർഗ്ഗ ലക്ഷംവീട് കോളനിയിലെ വീട് നിർമ്മാണത്തിനുള്ള ഫണ്ട്

37(782) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലമട പഞ്ചായത്തിലെ ചപ്പക്കാട് പട്ടികവർഗ്ഗ ലക്ഷംവീട് കോളനിയിൽ എത്ര വീടുകളുടെ നിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

13 വീടുകളുടെ നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ട് ഏത് വർഷം അനുവദിച്ചുവെന്നും വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

2016-17 സാമ്പത്തിക വർഷമാണ് ധനസഹായം അനുവദിച്ചത്. പ്രസ്തുത 13 വീടുകളിൽ 5 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 8 വീടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

അംബേദ്കർ ഗ്രാമം പദ്ധതി

38(783) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനുവേണ്ടി തയ്യാറാക്കിയ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2020-21, 2021-22 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽനിന്ന് ഏതൊക്കെ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏത് ഏജൻസി മുഖേന യാണ് നടപ്പിലാക്കി വരുന്നത് ?

(എ & ബി) കോഴിക്കോട് ജില്ലയിൽനിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഉള്ളിശ്ശേരി ഗ്രാമ പഞ്ചായത്തിലെ നെല്ലിക്കുന്ന് എസ്.സി. കോളനിയെയും കുന്നമംഗലം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുവയൽ ഗ്രാമപഞ്ചായത്തിലെ ഗോശാലിക്കുന്ന് എസ്.സി. കോളനിയെയും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം കോഴിക്കോട് മുഖേന നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.